**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 529** **09-08-2023 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യ സുരക്ഷാ പദ്ധതികൾക്ക് പണം അനുവദിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീമതി കെ. കെ. രമ,<br>ശ്രീമതി ഉമ തോമസ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാർ പണം നൽകാത്തത് കാരണം സാമൂഹ്യ സുരക്ഷാ മിഷന്റെ കീഴിലുള്ള നിരവധി സാമൂഹ്യ സുരക്ഷാ പദ്ധതികൾ പ്രതിസന്ധിയിലായിരിക്കുകയാണ് എന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | നിലവിൽ സാമൂഹ്യ സുരക്ഷാ മിഷന്റെ കീഴിലുള്ള സാമൂഹ്യ സുരക്ഷാ പദ്ധതികൾക്കെല്ലാം ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. ഭരണവകുപ്പ് ആവശ്യപ്പെടുന്ന മുറയ്ക്ക് തുക അനുവദിക്കുന്നതാണ്. |
| (ബി) | താലോലം, സ്നേഹപൂർവം, വീ കെയർ, ആശ്വാസ കിരണം, സമാശ്വാസം, ഭിന്നശേഷിക്കാർക്കുള്ള പദ്ധതികൾ, കാൻസർ സുരക്ഷാ ഫണ്ട്, സമാശ്വാസം പദ്ധതി, ഡിമെൻഷ്യ, അൾഷിമേഴ്സ് രോഗികൾക്കായുള്ള പദ്ധതികൾ തുടങ്ങിയ സാമൂഹ്യ സുരക്ഷാ മിഷന്റെ കീഴിലുള്ള പദ്ധതികൾക്ക് അനുവദിച്ച തുക പോലും നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | സാമൂഹ്യ സുരക്ഷാ മിഷന്റെ കീഴിലുള്ള താലോലം പദ്ധതി ഇപ്പോൾ State Health Agency (SHA) മുഖേനയാണ് നടപ്പിലാക്കുന്നത്. കൂടാതെ ക്യാൻസർ സുരക്ഷാ പദ്ധതി, ശ്രുതിതരംഗം എന്നീ പദ്ധതികളും tate Health Agency (SHA) മുഖേനയാണ് നടപ്പിലാക്കുന്നത്. ആശ്വാസ കിരണം, പദ്ധതിയുടെ നടത്തിപ്പിനായി 15 കോടി രൂപ അനുവദിക്കുകയും സമാശ്വാസം പദ്ധതിയ്ക്കായി 6 കോടി രൂപയുടെ ഭരണാനുമതി പുറപ്പെടുവിക്കുന്നതിനു അനുമതി നല്കിയിട്ടുമുണ്ട്. വീ കെയർ പദ്ധതിയുടെ നടത്തിപ്പിനായി 32.7 ലക്ഷം രൂപയുടെ ഭരണാനുമതി പുറപ്പെടുവിക്കുകയും 20 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. അൾഷിമേഴ്സ് ഡിമെൻഷ്യ,, രോഗികൾക്കുള്ള പദ്ധതികൾ തുടങ്ങി കേരള സാമൂഹ്യ സുരക്ഷാമിഷന്റെ എല്ലാ പദ്ധതികൾക്കും പ്രൊപ്പോസൽ ഭരണവകുപ്പിൽ നിന്നും ലഭ്യമാകുന്ന മുറക്ക് തുക അനുവദിക്കുന്നതാണ്. |
| (സി) | സർക്കാരിന്റെ അടിയന്തിര സഹായം ആവശ്യമുള്ള പതിമൂന്നോളം സാമൂഹ്യ സുരക്ഷാ പദ്ധതികൾക്ക് യുദ്ധകാലാടിസ്ഥാനത്തിൽ പണം അനുവദിക്കാൻ തയ്യാറാകുമോ? | (സി) | ഭരണവകുപ്പിൽ നിന്നും തുക ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് തുക അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ